REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 07-09-2024 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- ഉത്തർപ്രദേശിൽ 12 പേർ മരിച്ച ഹത്രാസ് വാഹനാപകടത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു അനുശോചനം അറിയിച്ചു.
- ഉന്നത പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ നൽകിയ പരാതിയിൽ പ്രത്യേക അന്വേഷണ സംഘം P.V അൻവർ MLA യുടെ മൊഴിയെടുത്തു.
- കൊച്ചി മെട്രോ രണ്ടാംഘട്ട പദ്ധതിയുടെ സ്റ്റേഷനുകളുടെ നിർമ്മാണവും വയാഡെക്ട് സ്ഥാപിക്കാൻ പൈലിങ്ങും ഇന്നാരംഭിക്കും.
- ഇന്ന് വിനായക ചതുർത്ഥി. ക്ഷേത്രങ്ങളിൽ പ്രത്യേക പൂജകളും ചടങ്ങുകളും.
- പാരീസ് പാരാലിമ്പിക്സിൽ ആറു സ്വർണമടക്കം 27 മെഡലുകളോടെ ഇന്ത്യയുടെ മികച്ച പ്രകടനം.

## വാർത്തകൾ വിശദമായി

**ഉത്തർപ്രദേശിലെ ഹത്രാസ് വാഹനാപകടത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു അനുശോചനം അറിയിച്ചു. 4 കുട്ടികളടക്കം 12 പേരാണ് അപകടത്തിൽ മരിച്ചത്.**

**മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അറിയിച്ചു.**

✪✪✪

ഗവൺമെന്റിനെതിരെ ആസൂത്രിത ഗൂഢാലോചനയെന്ന് മന്ത്രി M.B രാജേഷ് പറഞ്ഞു. ഉദ്യോഗസ്ഥർ പലരെയും ഒറ്റയ്ക്ക് കാണാൻ പോകുന്നുണ്ടെന്നും ഇതിനെക്കുറിച്ചെല്ലാം അന്വേഷണം നടത്തുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഉന്നത പൊലീസ് ഉദ്യോഗസ്ഥർക്കെതിരെ നൽകിയ പരാതിയിൽ പ്രത്യേക അന്വേഷണ സംഘം P.V അൻവർ MLA യുടെ മൊഴിയെടുത്തു. രാവിലെ മലപ്പുറം ഗസ്റ്റ്ഹൗസിലെത്തി തൃശൂർ റേഞ്ച് DIG തോംസൺ ജോസാണ് അൻവറിന്റെ മൊഴിയെടുത്തത്.

✪✪✪

ADGP MR അജിത് കുമാർ, മുഖ്യമന്ത്രിയുടെ ദൂതനാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. BJP- CPIM ബാന്ധവത്തിന്റെ തെളിവാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നതെന്നും തൃശൂരിൽ BJP സ്ഥാനാർത്ഥി സുരേഷ്ഗോപിയെ വിജയിപ്പിക്കാൻ ഗൂഢാലോചന നടന്നതായും പ്രതിപക്ഷ നേതാവ് പറഞ്ഞു.

പൂരം അലങ്കോലമാക്കാൻ ഇരുകക്ഷികളും ഒത്തുകളിച്ചെന്നും CPIM ഇതിന് പൊലീസിനെ ഉപയോഗിച്ചെന്നും സതീശൻ ആരോപിച്ചു.

✪✪✪

മുഖ്യമന്ത്രിയായി തുടരാൻ പിണറായി വിജയന് അർഹതയില്ലെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ADGP-RSS കൂടിക്കാഴ്ച മുഖ്യമന്ത്രിയുടെ അറിവോടെയാണെന്നും, പൊലീസ് എല്ലാ നിയന്ത്രണങ്ങൾക്കും അതീതമായി പ്രവർത്തിക്കുകയാണെന്നും ചെന്നിത്തല കുറ്റപ്പെടുത്തി. RSS നും മുഖ്യമന്ത്രിക്കും ഇടയിലെ പാലമാണ് ADGP യെന്നും, അദ്ദേഹത്തെ മുഖ്യമന്ത്രി സംരക്ഷിക്കുകയാണെന്നും ചെന്നിത്തല പറഞ്ഞു. P.ശശിയ്ക്കെതിരെ എന്തുകൊണ്ടാണ് അന്വേഷണം ഉണ്ടാകാത്തതെന്നും അദ്ദേഹം ചോദിച്ചു. പൂരം അലങ്കോലപ്പെടുത്തിയത് RSS ബാന്ധവത്തിന്റെ ഭാഗമാണെന്നും, ക്രമസമാധാന ചുമതല വഹിക്കുന്ന ADGP, RSS ക്യാമ്പിൽ പോകേണ്ട കാര്യമെന്താണെന്നും ചെന്നിത്തല ആരാഞ്ഞു.

✪✪✪

ADGP MR അജിത് കുമാർ, മുഖ്യമന്ത്രിയുടെ ദൂതനാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. BJP- CPIM ബാന്ധവത്തിന്റെ

തെളിവാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നതെന്നും തൃശൂരിൽ BJP സ്ഥാനാർത്ഥി സുരേഷ്ഗോപിയെ വിജയിപ്പിക്കാൻ ഗൂഢാലോചന നടന്നതായും പ്രതിപക്ഷ നേതാവ് പറഞ്ഞു.

പൂരം അലങ്കോലമാക്കാൻ ഇരുകക്ഷികളും ഒത്തുകളിച്ചെന്നും CPIM ഇതിന് പൊലീസിനെ ഉപയോഗിച്ചെന്നും സതീശൻ ആരോപിച്ചു.

✪✪✪

മുഖ്യമന്ത്രിയായി തുടരാൻ പിണറായി വിജയന് അർഹതയില്ലെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ADGP-RSS കൂടിക്കാഴ്ച മുഖ്യമന്ത്രിയുടെ അറിവോടെയാണെന്നും, പൊലീസ് എല്ലാ നിയന്ത്രണങ്ങൾക്കും അതീതമായി പ്രവർത്തിക്കുകയാണെന്നും ചെന്നിത്തല കുറ്റപ്പെടുത്തി. RSS നും മുഖ്യമന്ത്രിക്കും ഇടയിലെ പാലമാണ് ADGP യെന്നും, അദ്ദേഹത്തെ മുഖ്യമന്ത്രി സംരക്ഷിക്കുകയാണെന്നും ചെന്നിത്തല പറഞ്ഞു. P.ശശിയ്ക്കെതിരെ എന്തുകൊണ്ടാണ് അന്വേഷണം ഉണ്ടാകാത്തതെന്നും അദ്ദേഹം ചോദിച്ചു. പൂരം അലങ്കോലപ്പെടുത്തിയത് RSS ബാന്ധവത്തിന്റെ ഭാഗമാണെന്നും, ക്രമസമാധാന ചുമതല വഹിക്കുന്ന ADGP, RSS ക്യാമ്പിൽ പോകേണ്ട കാര്യമെന്താണെന്നും ചെന്നിത്തല ആരാഞ്ഞു.

✪✪✪

ADGP, RSS നേതാവുമായി കൂടിക്കാഴ്ച നടന്നിട്ടുണ്ടെങ്കിൽ അത് ഗൗരവതരമായ വിഷയമാണന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. കൂടിക്കാഴ്ച LDF നയമല്ലെന്നും അത്തരത്തിൽ ചർച്ച നടന്നിട്ടുണ്ടെങ്കിൽ അതിന്റെ ഉള്ളടക്കം അറിയാൻ ആകാംക്ഷയുണ്ടെന്നും അദ്ദേഹം കൊച്ചിയിൽ പറഞ്ഞു.

✪✪✪

കോൺഗ്രസിന്റെയും CPIM ന്റെയും ഇപ്പോഴത്തെ ആരോപണ - പ്രത്യാരോപണങ്ങൾ കൊള്ളമുതൽ പങ്കുവെയ്ക്കുന്നതിലെ തർക്കം മാത്രമാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ പറഞ്ഞു. സ്വർണക്കടത്തുമായി പൊലീസിനും ഗവൺമെന്റിനും ബന്ധമുണ്ട്. യഥാർത്ഥത്തിൽ ആരോപണങ്ങളുടെ കുന്തമുന മുഖ്യമന്ത്രിക്ക് നേരെയാണെന്നും, സംസ്ഥാനത്തെ ക്രമസമാധാനം തകർന്നിരിക്കുകയാണെന്നും സുരേന്ദ്രൻ കുറ്റപ്പെടുത്തി.

തൃശ്ശൂർ പൂരം കലക്കാൻ RSS സർ കാര്യവാഹകിനെ കാണേണ്ട ആവശ്യമെന്താണെന്നും, പൂരം അലങ്കോലപ്പെടുത്തിയത് കൊണ്ടല്ല സുരേഷ്ഗോപി തൃശൂരിൽ ജയിച്ചതെന്നും അദ്ദേഹം പറഞ്ഞു. CPI നട്ടെല്ലില്ലാത്ത പാർട്ടിയാണെന്നും സുരേന്ദ്രൻ അഭിപ്രായപ്പെട്ടു.

✪✪✪

RSS മായി CPIM ന് ചങ്ങാത്തമാണെന്ന് കോൺഗ്രസ് നേതാവ് KC വേണുഗോപാൽ MP ആരോപിച്ചു. വിഷയത്തിൽ വ്യക്തതയോടെ വേണം പ്രതികരിക്കാനെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

പൂരം താറുമാറാക്കിയതിൽ മുഖ്യമന്ത്രിയ്ക്ക് ഉൾപ്പെടെ ബന്ധമുണ്ടെന്നും, സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്നും കോൺഗ്രസ് നേതാവ് K മുരളീധരൻ തൃശൂരിൽ പറഞ്ഞു. ADGP യെയോ, P ശശിയെയോ തൊട്ടാൽ മുഖ്യമന്ത്രിയുടെ കസേര തെറിക്കുമെന്നും മുരളീധരൻ അഭിപ്രായപ്പെട്ടു.

✪✪✪

കോഴിക്കോട് NIT യുടെ 20-ാം ബിരുദദാന ചടങ്ങിൽ വൈകിട്ട് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയായി പങ്കെടുക്കും. ബിരുദദാന പ്രഭാഷണവും അദ്ദേഹം നടത്തും. 1,978 പേർക്കാണ് ചടങ്ങിൽ ബിരുദം സമ്മാനിക്കുന്നത്.

✪✪✪

റവന്യൂ, സർവെ വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം ചെയ്യാൻ ജില്ലാ കലക്ടർമാരുടെയും മുതിർന്ന റവന്യൂ ഉദ്യോഗസ്ഥരുടെയും രണ്ടുദിവസത്തെ യോഗം കൊച്ചിയിൽ ആരംഭിച്ചു. മന്ത്രി K രാജൻ യോഗം ഉദ്ഘാടനം ചെയ്തു.

✪✪✪

കളമശ്ശേരി കാർഷികോത്സവത്തിന്റെ രണ്ടാം പതിപ്പ് മന്ത്രി K രാജൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. കളമശ്ശേരി ചാക്കോളാസ് പവലിയനിൽ രണ്ട് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 132 സ്റ്റോളുകളിലാണ് കാർഷികോത്സവം ഒരുക്കിയിരിക്കുന്നത്. ഈ മാസം 13 വരെ നീളുന്ന മേളയിൽ കാർഷിക ഉത്പന്നങ്ങളുടെയും, കൃഷി അനുബന്ധ ഉപകരണങ്ങളുടെയും പ്രദർശനവും വിൽപ്പനയും ഒരുക്കിയിട്ടുണ്ട്. കാർഷികോത്സവ നഗരിയിൽ ഒരുക്കുന്ന ലേലത്തറയിൽ വിൽക്കുന്ന

ഉൽപന്നങ്ങളുടെ ലാഭം വയനാട് ദുരിതാശ്വാസത്തിന് കൈമാറുമെന്ന് സംഘാടകർ അറിയിച്ചു.

✪✪✪

സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനു വേണ്ടി പശ്ചിമബംഗാൾ ഗവൺമെന്റ് കൊണ്ടുവന്ന അപരാജിത ക്രിമിനൽ നിയമ ഭേദഗതി ബിൽ ഗവർണർ CV ആനന്ദബോസ് രാഷ്ട്രപതിയ്ക്ക് അയച്ചു. ബില്ലിലെ നിരവധി പിഴവുകൾ എടുത്തുകാണിച്ചാണ് ഗവർണറുടെ നടപടി. കൊൽക്കത്ത RG കർ മെഡിക്കൽ കോളജിലെ യുവഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിനുശേഷമാണ് നിയമസഭ ഭേദഗതി ബിൽ പാസാക്കിയത്.

✪✪✪

കൊച്ചി മെട്രോ രണ്ടാംഘട്ട പദ്ധതിയുടെ സ്റ്റേഷനുകളുടെ നിർമ്മാണവും വയാഡെക്ട് സ്ഥാപിക്കാൻ പൈലിങ്ങും ഇന്നാരംഭിക്കും. ഉച്ചക്ക് രണ്ടരക്ക് കൊച്ചിൻ സ്പെഷ്യൽ ഇക്കണോമിക് സോൺ മെട്രോ സ്റ്റേഷൻ പരിസരത്ത് ആദ്യ വർക്കിങ് പൈൽ സ്ഥാപിക്കും. പ്രവൃത്തിയുടെ സ്വിച്ച് ഓൺ കർമം മന്ത്രി P.രാജീവ് നിർവ്വഹിക്കും.

1,141 കോടി 32 ലക്ഷം രൂപയുടെ രണ്ടാംഘട്ട പദ്ധതി രണ്ടു വർഷത്തിനകം പൂർത്തിയാക്കാനാണ് ലക്ഷ്യം.

✪✪✪

സാമൂഹിക മുന്നേറ്റത്തിൽ എപ്പോഴും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളമെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. തിരുവനന്തപുരത്ത് നിയുക്തി മെഗാ തൊഴിൽ മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ 2022 ൽ കേരളം ഒന്നാമതെത്തി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനങ്ങൾ ഉൾപ്പെടെ ഒൻപത് മേഖലകളിൽ സംസ്ഥാനം മുന്നിലാണെന്ന് മന്ത്രി പറഞ്ഞു.

✪✪✪

പട്ടികജാതി 'പട്ടികവർഗ്ഗ' പിന്നാക്ക മേഖലയിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ സമഗ്രമായ പദ്ധതി ആവിഷ്കരിക്കുമെന്ന് മന്ത്രി O.R കേളു കാസർകോട്ട് അറിയിച്ചു. SC/ST പ്രൊമോട്ടർമാർ വീടുകളിലെത്തി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ഇന്ന് വിനായക ചതുർത്ഥി. ചിങ്ങമാസത്തിലെ വെളുത്തപക്ഷത്തിൽ ചതുർത്ഥി ദിനമാണ് ഗണപതിയുടെ ജനനം അടയാളപ്പെടുത്തുന്ന വിനായക ചതുർത്ഥി ആഘോഷിക്കുന്നത്. ഗണപതി ക്ഷേത്രങ്ങളിൽ വിനായക ചതുർത്ഥിയോടനുബന്ധിച്ച് വിപുലമായ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

പാരീസ് പാരാലിമ്പിക്സിൽ ആറു സ്വർണവും ഒമ്പതു വെള്ളിയും 12 വെങ്കലവുമടക്കം 27 മെഡലുകളോടെ ഇന്ത്യ മികച്ച പ്രകടനം കാഴ്ച വെയ്ക്കുകയാണ്. 2020 ടോക്കിയോ പാരാലിമ്പിക്സിൽ ഇന്ത്യ അഞ്ച് സ്വർണമാണ് നേടിയത്. നാളെ പാരാലിമ്പിക്സ് സമാപന ചടങ്ങിൽ ഇന്ത്യയ്ക്കു വേണ്ടി ഇരട്ട സ്വർണം നേടിയ പ്രീതിപാലും, അമ്പെയ്ത്ത് സ്വർണജേതാവ് ഹർവീന്ദർ സിംഗും പതാകയേന്തും.

✪✪✪

കേരളത്തിലെ ആദ്യ പ്രൊഫഷണൽ ഫുട്ബോൾ ലീഗ് മത്സരം, സൂപ്പർ ലീഗ് കേരള -യ്ക്ക് ഇന്നു തുടക്കമാകും. ആദ്യ മത്സരത്തിൽ മലപ്പുറം FC-യും ഫോഴ്സ കൊച്ചി FC-യും ഏറ്റുമുട്ടും. രാത്രി എട്ടിന് കൊച്ചി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

സംസ്ഥാനത്തെ ആറു നഗരങ്ങളിലെ ആറു ടീമുകൾ ഏറ്റുമുട്ടുന്ന മത്സരത്തിന്റെ ഫൈനൽ , നവംബർ പത്തിന് കൊച്ചിയിലാണ്.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഇന്നലെ ഏരീസ് കൊല്ലം സെയിലേഴ്സും, അദാനി ട്രിവാൻഡ്രം റോയൽസും വിജയിച്ചു. ആലപ്പി റിപ്പിൾസിനെ എട്ട് വിക്കറ്റിനാണ് ഏരീസ് കൊല്ലം തോൽപ്പിച്ചത്. കാലിക്കറ്റ് ഗ്ലോബ് സ്റ്റാറിനെ അഞ്ച് വിക്കറ്റിന് അദാനി തോൽപിച്ചു.

✪✪✪

കണ്ണൂർ ആറളം ഫാമിലെ കശുമാവിൻ തോട്ടത്തിൽ പരീക്ഷണ അടിസ്ഥാനത്തിൽ ആരംഭിച്ച ചെണ്ടുമല്ലി കൃഷി വിളവെടുത്തു തുടങ്ങി. അഞ്ച് ഹെക്ടറിലാണ് ചെണ്ടുമല്ലി കൃഷി നടത്തിയത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ....

......(വോയ്സ് )......

✪✪✪

കോഴിക്കോട് കോർപറേഷൻതല തദ്ദേശ അദാലത്ത് തുടങ്ങി. ഇതിനകം ഓൺലൈനായി 369 പരാതികളാണ് ലഭിച്ചത്. ഇതിനു പുറമെ അദാലത്ത് വേദിയിലും അപേക്ഷകൾ നൽകാൻ സൗകര്യമുണ്ട്.

കോർപറേഷൻ തലത്തിൽ നേരിട്ട് അപേക്ഷിച്ചിട്ടും പരിഹാരമാവാത്ത അപേക്ഷകൾ മാത്രമാണ് അദാലത്തിൽ പരിഗണിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് അടുത്ത ചൊവ്വാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്നും നാളെയും കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

കേരളത്തിലെ ജനശതാബ്ദി ട്രെയിനുകളിൽ ഓരോ ചെയർകാർ കോച്ചുകൾ അധികമായി ഉൾപ്പെടുത്താൻ റെയിൽവേ തീരുമാനിച്ചു. തിരുവനന്തപുരം - കോഴിക്കോട് - തിരുവനന്തപുരം സർവീസിൽ ഇന്നും നാളെയും മറ്റന്നാളും അധിക കോച്ച് ഉണ്ടായിരിക്കും.

തിരുവനന്തപുരം - കണ്ണൂർ - തിരുവനന്തപുരം ട്രെയിനിൽ നാളെയും മറ്റന്നാളും അധിക കോച്ച് ഉൾപ്പെടുത്തും.

✪✪✪

70 ന് മുകളിൽ പ്രായക്കാരായ ഹിന്ദി പ്രചാരകർക്കായി രാഷ്ട്രഭാഷാ വേദി നൽകുന്ന 'മുൻഷി പ്രേംചന്ദ്' 16-ാ-മത് പുരസ്കാരം മണിയൂർ K.K രാജൻ മാസ്റ്റർക്ക് സമ്മാനിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് പാറശാല P വിജയരാജ് ഉദ്ഘാടനം ചെയ്തു.

✪✪✪

സ്വർണ്ണ വില കുറഞ്ഞു. പവന് 320 രൂപ താഴ്ന്ന് 53,440 ലെത്തി. 6,680 രൂപയാണ് ഗ്രാമിന് വില.

✪✪✪